LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ക്യാൻസർ രോഗ നിർണ്ണയത്തിനും നിയന്ത്രണ പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായും ആർ.സി.സി., എം.സി.സി., അമല ക്യാൻസർ സെന്റർ, അമൃത ഇൻസ്റ്റിസ്റ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്, കാരക്കോണം മെഡിക്കൽ കോളേജ് പ്രാദേശിക സംഘടനകൾ എന്നിവയുമായി സർക്കാർ പ്രാരംഭ ചർച്ചകൾ നടത്തിക്കഴിഞ്ഞു വിശദമായ ചർച്ചകൾക്ക് ശേഷം മാത്രമേ ക്ലിനിക്കുകളുടെ പ്രവർത്തനം വ്യാപിപ്പിക്കുവാൻ തീരുമാനം കൈക്കൊള്ളാൻ സാധിക്കുകയുള്ളു.

(ബി) 18 വയസ്സിനു താഴെയുള്ള കുട്ടികൾക്കായി സാമൂഹ്യസുരക്ഷാ മിഷന്റെ ആഭിമുഖ്യത്തിലുള്ള ക്യാൻസർ സുരക്ഷാ പദ്ധതി, രാഷ്ട്രീയ ആരോഗ്യനിധി, നിർദ്ധനരോഗികൾക്ക് പ്രതിമാസം 300 രൂപ പെൻഷൻ, " Medical Assistance to the poor "എന്ന പദ്ധതിപ്രകാരം ആരോഗ്യ വകുപ്പിൽ നിന്നുള്ള ധനസഹായം, പ്രധാനമന്ത്രിയുടെയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള സഹായം, പട്ടികവർഗ്ഗക്കാർക്ക് സൗജന്യ ചികിത്സ ക്യാൻസർ രോഗികൾക്ക് കൺസഷൻ നിരക്കിൽ റെയിൽവേയാത്ര, സർക്കാർ ജീവനക്കാർക്ക് ക്യാൻസർ ചികിത്സക്കായി പലിശ രഹിത വായ്പ എന്നിവയും അനുവദിക്കുന്നുണ്ട്. പുതുതായി ആവിഷ്ക്കരിച്ച "താലോലം" പദ്ധതിയിലൂടെ 18 വയസ്സിനുതാഴെയുള്ള കുട്ടികൾക്ക് പൂർണ്ണമായ സൗജന്യ ചികിത്സ നൽകി വരുന്നു.

(സി) ഇപ്പോൾ പരിഗണനയിലില്ല.

ക്യാൻസർ രോഗികളായ കുട്ടികളുടെ ചികിത്സാചെലവ്

13 (460) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്യാൻസർ രോഗചികിത്സക്ക് വർദ്ധിച്ച ചികിത്സാചെലവ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ക്യാൻസർ രോഗികളായ 18 വയസ്സിനു താഴെയുള്ള കുട്ടികൾക്ക് ചികിത്സയ്ക്ക് എത്ര രൂപയാണ് സർക്കാർ സൗജന്യമായി നൽകിവരുന്നതെന്നും, ഏതൊക്കെ ആശുപത്രി മുഖാന്തിരമുള്ള ചികിത്സയിലാണ് പ്രസ്തുത തുക അനുവദിക്കുന്നതെന്നും വിശദീകരിക്കുമോ ;

(സി) തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിലും, മലബാർ ക്യാൻസർ സെന്ററിലും ചികിത്സയ്ക്ക് എത്തുന്ന 18 വയസ്സിന് താഴെയുള്ള കുട്ടികളുടെ ചികിത്സാചെലവ് പൂർണ്ണമായും സൗജന്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കി വരുന്ന ക്യാൻസർ സുരക്ഷാ പദ്ധതി പ്രകാരം 18 വയസ്സിനുതാഴെ മാത്രം പ്രായം വരുന്ന രണ്ട് ലക്ഷം രൂപയിൽ താഴെ സാമ്പത്തിക വരുമാനമുള്ള കുടുംബങ്ങളിലെ ക്യാൻസർ ബാധിതരായ കുട്ടികൾക്ക് ചികിത്സയുടെ ആദ്യഘട്ടത്തിൽ 50,000 രൂപ വരെ അനുവദിച്ചു നൽകുന്നു. ഇതിനുശേഷവും ചികിത്സയ്ക്കായി തുടർന്നും ആവശ്യമുള്ള തുക അനുവദിക്കുന്നതാണ്.

സൗജന്യ ചികിത്സ ലഭ്യമാക്കുന്ന ആശുപത്രികൾ.

1. റീജണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം.
2. മലബാർ ക്യാൻസർ സെന്റർ, കണ്ണൂർ.
3. എസ്.എ.റ്റി. തിരുവനന്തപുരം.
4. ജനറൽ ആശുപത്രി, എറണാകുളം.
5. ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രി, തിരുവനന്തപുരം.
6. ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രി, കോഴിക്കോട്.
7. ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രി, കോട്ടയം.
8. ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രി, ആലപ്പുഴ.
9. ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രി, തൃശ്ശൂർ.
10. ഐ.എം.സി.എച്ച്., കോഴിക്കോട്.
11. ഐ.എം.സി.എച്ച്., കോട്ടയം.
12. പരിയാരം മെഡിക്കൽ കോളേജ്, കണ്ണൂർ.

(സി) തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിലും മലബാർ ക്യാൻസർ സെന്ററിലും ചികിത്സയ്ക്കെത്തുന്ന വരുമാനം രണ്ടുലക്ഷം രൂപയിൽ കുറവുള്ള കുട്ടികളുടെ ക്യാൻസർ ചികിത്സാ ചെലവ് പൂർണ്ണമായും ക്യാൻസർ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി നൽകിവരുന്നു.

മലബാർ ക്യാൻസർ സെന്ററിലെ ചികിത്സാ സംവിധാനങ്ങൾ

14 (461) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്യാൻസർ രോഗനിർണ്ണയത്തിനും, ചികിത്സയ്ക്കുമായി മലബാർ കാൻസർ സെന്ററിൽ പുതുതായി ആരംഭിച്ച ചികിത്സാ സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ ;

(ബി) മതിയായ ഡോക്ടർമാരും, പാരാമെഡിക്കൽ ജീവനക്കാരും ഇല്ലാത്തതുകാരണം എം.സി.സി.-യിൽ എത്തുന്ന രോഗികൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദീകരിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly